**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 160** **05-02-2026 - ൽ മറുപടിയ്ക്ക്**

**ക്യാൻസർ രോഗനിർണ്ണയവും ചികിത്സയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗനിർണ്ണയത്തിലും ചികിത്സയിലും കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ പ്രത്യേകമായി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ നിരക്ക് കണക്കിലെടുത്ത്, പ്രാഥമികാരോഗ്യം മുതൽ തൃതീയ തലം വരെയുള്ള ആശുപത്രികളെ കോർത്തിണക്കി വിപുലമായ പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. തിരുവനന്തപുരം, കൊച്ചി, മലബാർ കാൻസർ സെന്ററുകളെ (RCC, CCRC, MCC) അതിനൂതന ചികിത്സാ സങ്കേതങ്ങൾ അടങ്ങിയ 'മികവിന്റെ കേന്ദ്രങ്ങൾ' (Centers of Excellence) ആയി ഉയർത്തുകയും, അത്യന്തം ചിലവേറിയ ചികിത്സകൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനായി മരുന്നുകൾ 'സീറോ പ്രോഫിറ്റ്' നിരക്കിലും സൗജന്യമായും വിതരണം ചെയ്യുകയും ചെയ്യുന്നു. കൂടാതെ, 2023-ലെ ഉത്തരവ് പ്രകാരം ആരോഗ്യവകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും ആശുപത്രികളെ ഏകോപിപ്പിച്ച് 'ഹോസ്പിറ്റൽ ബേസ്ഡ് കാൻസർ രജിസ്ട്രി' (HBCR) ആരംഭിക്കുകയും, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തനങ്ങൾ കൃത്യമായി അവലോകനം ചെയ്തുവരികയും ചെയ്യുന്നു.<br><br>രോഗം നേരത്തെ കണ്ടെത്തുന്നതിനും (Early Detection) പ്രതിരോധിക്കുന്നതിനും വലിയ പ്രാധാന്യമാണ് നൽകുന്നത്. ഇതിനായി 'ആരോഗ്യം ആനന്ദം' പദ്ധതിയുടെ ഭാഗമായി സെർവിക്കൽ, ഓറൽ കാൻസർ സ്ക്രീനിംഗുകൾ നടപ്പിലാക്കി വരുന്നു. ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനായുള്ള പാപ്സ് സ്മിയർ, കോൾപോസ്കോപ്പി പരിശോധനകളും, സ്തനാർബുദ നിർണ്ണയത്തിനായി മാമോഗ്രാം, ക്ലിനിക്കൽ ബ്രെസ്റ്റ് എക്സാമിനേഷൻ എന്നിവയും ലഭ്യമാണ്. 'കാൻസർ കൺട്രോൾ സ്ട്രാറ്റജി'യുടെ ഭാഗമായി PHC, CHC തലങ്ങളിൽ |

ബോധവൽക്കരണം നൽകുകയും, 'High Risk' വിഭാഗത്തിൽപ്പെടുന്നവരെ നേരത്തെ കണ്ടെത്തി മെഡിക്കൽ കോളേജുകളിൽ തുടർ ചികിത്സയും വിവരശേഖരണവും (Data collection) ഉറപ്പാക്കുകയും ചെയ്യുന്നു.

സംസ്ഥാനത്തെ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകൾ റീജിയണൽ കാൻസർ സെന്റർ (RCC) മാതൃകയിൽ 'മിനി ആർ.സി.സി' കളായി പ്രവർത്തിക്കുന്നു. ഇവിടെ സി.റ്റി, എം.ആർ.ഐ, PET, SPECT സ്കാനുകൾ ഉൾപ്പെടെയുള്ള ആധുനിക പരിശോധനാ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കാൻസർ കെയർ ഗ്രിഡ് (Cancer Care Grid) എന്ന ആശയത്തിലൂടെ കാൻസർ സെന്ററുകൾ, മെഡിക്കൽ കോളേജുകൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ എന്നിവയെ ഏകോപിപ്പിച്ച് ചികിത്സാ ശൃംഖല രൂപീകരിച്ചു. റേഡിയേഷൻ ചികിത്സയ്ക്കായി ലീനിയർ ആക്സിലറേറ്റർ (LINAC), ടെലി കോബാൾട്ട്, ബ്രാക്കി തെറാപ്പി എന്നിവയും, മൂർച്ഛിച്ച രോഗാവസ്ഥയിലുള്ളവർക്കായി പാലിയേറ്റീവ് ഓങ്കോളജി സേവനങ്ങളും സർക്കാർ ആശുപത്രികൾ വഴി നൽകിവരുന്നു.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ (RCC), 1985-ൽ തന്നെ രാജ്യത്തെ ആദ്യത്തെ 'കമ്മ്യൂണിറ്റി ഓങ്കോളജി' വിഭാഗം ആരംഭിച്ചു. ലോകാരോഗ്യ സംഘടനയുമായി (WHO/IARC) ചേർന്ന് 15 വർഷം നടത്തിയ പഠനത്തിലൂടെ, വായിലെ കാൻസർ മൂലമുള്ള മരണനിരക്ക് 34% കുറയ്ക്കാൻ സാധിച്ചത് ഒരു വലിയ നേട്ടമായി 'ലാൻസെറ്റ്' ജേണൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തിന് ഉത്തമ ഉദാഹരണമാണ് പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 'ഫസ്റ്റ് ചെക്ക് സ്ക്രീനിങ് പ്രോഗ്രാം'. 2022-25 കാലയളവിൽ ക്യാമ്പുകളിൽ രോഗം സംശയിക്കുന്നവർക്ക് ആർ.സി.സി-യിലെ തുടർപരിശോധനകൾക്കുള്ള മുഴുവൻ ചെലവും ബ്ലോക്ക് പഞ്ചായത്ത് വഹിക്കുന്ന ഈ പദ്ധതി ഇന്ത്യയ്ക്ക് തന്നെ മാതൃകയാണ് .

മലബാർ കാൻസർ സെന്റർ (MCC) അതിനൂതന സാങ്കേതികവിദ്യകളാണ് ചികിത്സയിൽ കൊണ്ടുവന്നിരിക്കുന്നത്. താക്കോൽ ദ്വാര ശസ്ത്രക്രിയയേക്കാൾ കൃത്യതയാർന്ന റോബോട്ടിക് സർജറി (268-ലധികം), കോശങ്ങളിൽ ജനിതക

| | | | |
|---|---|---|---|
| | | | വ്യതിയാനം വരുത്തി ചികിത്സിക്കുന്ന CAR-T സെൽ തെറാപ്പി, കുട്ടികളിലെ താലസീമിയ ഉൾപ്പെടെയുള്ള മജ്ജ മാറ്റിവെക്കൽ (Bone Marrow Transplant) എന്നിവ ഇവിടെ വിജയകരമായി നടപ്പാക്കി. കൂടാതെ, ന്യൂറോ സർജിക്കൽ ഓങ്കോളജി, കണ്ണുകളിലെ കാൻസർ ചികിത്സയ്ക്കുള്ള ഓക്യൂലാർ ഓങ്കോളജി, കേരളത്തിലാദ്യമായി സ്ഥാപിച്ച ഫോറസ്റ്റ് എഫ്-18 പിഎസ്എംഎ സ്കാൻ ഉൾപ്പെടുന്ന ന്യൂക്ലിയർ മെഡിസിൻ വിഭാഗം എന്നിവയും എം.സി.സി-യിൽ സജ്ജമാണ്. ഭാവിയിലെ ഗവേഷണങ്ങൾക്കായി രോഗബാധിത കോശങ്ങൾ സൂക്ഷിക്കുന്ന 'ബയോ ബാങ്ക്' സംവിധാനവും ഇവിടെയുണ്ട്.<br><br>എറണാകുളം ജില്ലയിൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ (CCRC) നേതൃത്വത്തിൽ 2018 മുതൽ 'ജില്ലാ കാൻസർ നിയന്ത്രണ പരിപാടി' (DCCP) നടപ്പിലാക്കുന്നു. 'ആരോഗ്യം ആനന്ദം- അകറ്റാം അർബുദം' എന്ന ക്യാമ്പയിനിലൂടെ സ്ക്രീനിംഗും ബോധവൽക്കരണവും നടത്തുന്നതോടൊപ്പം, ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നിന്നുള്ള ഹിസ്റ്റോപത്തോളജി സാമ്പിളുകൾ പരിശോധിക്കുന്നതും സി.സി.ആർ.സി യുടെ നേതൃത്വത്തിലാണ്. |
| (ബി) | ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ 2026 വരെയുള്ള കാലയളവിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്തെ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിനെ (RCC) സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആയും തലശ്ശേരി മലബാർ കാൻസർ സെന്ററിനെ (MCC) മികവിന്റെ കേന്ദ്രമായും (Centre of Excellence) ഉയർത്തിയിട്ടുണ്ട്. മധ്യകേരളത്തിലെ ജനങ്ങൾക്ക് ആശ്വാസമായി എറണാകുളത്ത് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ വികസിപ്പിക്കുന്നതിനൊപ്പം, ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 5 മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപത്തോളജി വിഭാഗങ്ങൾക്കായി പുതിയ തസ്തികകൾ സൃഷ്ടിച്ച് യൂണിറ്റുകൾ ആരംഭിച്ചു. ആരോഗ്യവകുപ്പിന് കീഴിലുള്ള വികേന്ദ്രീകൃത ചികിത്സാ കേന്ദ്രങ്ങളുടെ എണ്ണം 28 ആയി ഉയർത്തുകയും, ആശുപത്രികളെ സേവനത്തിന്റെ അടിസ്ഥാനത്തിൽ പല തട്ടുകളായി തിരിച്ച് 'കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ' നടപ്പിലാക്കുകയും ചെയ്തു. പ്രാഥമികതലം മുതൽ വിദഗ്ധ ചികിത്സാ കേന്ദ്രങ്ങൾ വരെ രോഗികളെ റഫർ ചെയ്യുന്നതിനായി ജില്ലാ അടിസ്ഥാനത്തിൽ 'കാൻസർ കെയർ ഗ്രിഡ്' തയ്യാറാക്കിയതിലൂടെ ചികിത്സാ ഏകോപനം കൂടുതൽ കാര്യക്ഷമമായിട്ടുണ്ട്. |

ജനകീയ സ്ക്രീനിംഗും സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ട് കാൻസർ നേരത്തെ കണ്ടെത്തുന്നതിനായി വിപുലമായ സ്ക്രീനിംഗ് സംവിധാനങ്ങളാണ് സംസ്ഥാനത്ത് ഒരുക്കിയിരിക്കുന്നത്. ആശാ പ്രവർത്തകരുടെ സഹായത്തോടെ ഈ-ഹെൽത്ത് വികസിപ്പിച്ച "ശൈലി" ആപ്ലിക്കേഷൻ വഴി വീടുകളിൽ സർവ്വേ നടത്തി രോഗലക്ഷണമുള്ളവരെ കണ്ടെത്തുന്നു. 2025 ഫെബ്രുവരിയിൽ ആരംഭിച്ച "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന ക്യാമ്പയിനിലൂടെ 21 ലക്ഷം ജനങ്ങളെ സ്ക്രീനിങ്ങിന് വിധേയരാക്കുകയും, അതിൽ അറുന്നൂറോളം പേർക്ക് രോഗം സ്ഥിരീകരിക്കുകയും ചെയ്തു. സ്ക്രീനിംഗിലൂടെ കണ്ടെത്തുന്നവരെ 'കാൻസർ കെയർ പോർട്ടലിൽ' രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും, പരിശോധനാ സാമ്പിളുകൾ ലബോറട്ടറികളിൽ എത്തിക്കാൻ തപാൽ വകുപ്പിന്റെ സഹായത്തോടെ "നിർണ്ണയ" എന്ന സാമ്പിൾ ട്രാൻസ്പോർട്ട് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഗർഭാശയഗള കാൻസർ മുൻകൂട്ടി കണ്ടുപിടിക്കുവാൻ നിർമ്മിതബുദ്ധി (AI) സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആർ.സി.സി-യും സി-ഡാക്കും ചേർന്ന് "സർവിസ്കാൻ" എന്ന സ്ക്രീനിംഗ് ഉപകരണം വികസിപ്പിച്ചെടുത്തത് പരിശോധനാ ചെലവ് കുറയ്ക്കാൻ സഹായിക്കുന്നു.

തിരുവനന്തപുരം റീജണൽ കാൻസർ സെന്ററിൽ (RCC) ലോകോത്തര നിലവാരമുള്ള ചികിത്സാ സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്. 2016-ൽ 9 നില കെട്ടിടം പ്രവർത്തനസജ്ജമായതോടെ കീമോതെറാപ്പി, ന്യൂക്ലിയർ മെഡിസിൻ സൗകര്യങ്ങൾ വിപുലീകരിച്ചു. ഡാവിഞ്ചി റോബോട്ടിക് സർജിക്കൽ സിസ്റ്റം വഴി 200-ലധികം ശസ്ത്രക്രിയകൾ ഇവിടെ നടത്തിക്കഴിഞ്ഞു. വയറിലെ കാൻസറിന് HIPEC ചികിത്സയും, പ്രോസ്റ്റേറ്റ് കാൻസറിന് റേഡിയേഷൻ നൽകുന്ന യൂറോ ബ്രാക്കി തെറാപ്പിയും ഇവിടെ ലഭ്യമാണ്. റിംഗ് ഗാൻട്രി ലീനിയർ ആക്സിലറേറ്റർ, ഗാലിയം-68 ജനറേറ്റർ, സ്തനാർബുദ നിർണ്ണയത്തിനായി 3D ഡിജിറ്റൽ മാമോഗ്രാഫി എന്നിവയും ഇവിടെ സജ്ജമാണ്. കൂടാതെ, മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ്, രക്താർബുദ വാർഡുകൾ എന്നിവ ഉൾക്കൊള്ളുന്ന പുതിയ ബഹുനില മന്ദിരത്തിന്റെ ഉദ്ഘാടനം 2026 ഫെബ്രുവരി 23-ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമായി 5000 ചതുരശ്രയടിയിൽ പേഷ്യന്റ് വെൽഫെയർ സർവ്വീസ് ബ്ലോക്കും സജ്ജമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സാ സൗകര്യങ്ങൾ വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 17 കോടി രൂപയുടെ ലിനാക്ക് (LINAC) മെഷീൻ, 4 കോടി രൂപയുടെ സി.ടി സിമുലേറ്റർ, 2 കോടി രൂപയുടെ ടെലികോബാൾട്ട്, 8 കോടി രൂപയുടെ SPECT എന്നിവ സ്ഥാപിച്ചു. 15 കോടി രൂപയുടെ PET CT സ്കാൻ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>കോഴിക്കോട് മെഡിക്കൽ കോളേജിൽ 2018-ൽ 1500 ചതുരശ്രയടിയിൽ നിന്ന് 30,000 ചതുരശ്രയടിയിലേക്ക് വികസിപ്പിച്ച് ടെർഷ്യറി കാൻസർ സെന്ററായി മാറിയ ഇവിടെ, പ്രതിവർഷം 70,000-ത്തോളം രോഗികൾക്ക് ചികിത്സ നൽകുന്നു. 18.5 കോടി രൂപയുടെ പുതിയ ലിനാക്ക് മെഷീന് അനുമതി ലഭിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി 2 മോഡുലാർ ഓപ്പറേഷൻ തീയേറ്ററുകൾ ഇവിടെ സ്ഥാപിച്ചു .<br><br>കോട്ടയം മെഡിക്കൽ കോളേജിൽ 11.75 കോടി രൂപ മുടക്കി രണ്ടാമത്തെ ലിനാക്ക് മെഷീനും 4 കോടി രൂപയുടെ സി.ടി സിമുലേറ്ററും സ്ഥാപിച്ചു. കേരളത്തിൽ ആദ്യമായി പാലിയേറ്റീവ് ഓങ്കോളജി വിഭാഗം ആരംഭിച്ചതും, 1.5 കോടി രൂപ വകയിരുത്തി മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് (Bone Marrow Transplant Unit) സ്ഥാപിക്കുന്നതും ഇവിടുത്തെ പ്രധാന നേട്ടങ്ങളാണ്. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 78.12 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്.<br><br>മറ്റ് ജില്ലകളായ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഭാഭാട്രോൺ ലിനാക്ക് മെഷീൻ വഴി ദിനംപ്രതി 150-ഓളം രോഗികൾക്ക് റേഡിയേഷൻ നൽകുന്നു. ആലപ്പുഴ മെഡിക്കൽ കോളേജിൽ മിനി ആർ.സി.സി സ്ഥാപിക്കുന്നതിനായി സ്ഥലം അനുവദിക്കുകയും, 128 സ്ലൈസ് സി.ടി സ്കാൻ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. മഞ്ചേരി മെഡിക്കൽ കോളേജിൽ ടാർജറ്റഡ് തെറാപ്പി, മോണോക്ലോണൽ ആന്റിബോഡി ചികിത്സ എന്നിവ ലഭ്യമാണ്. വയനാട്, കൊല്ലം, കോന്നി മെഡിക്കൽ കോളേജുകളിലും സ്ക്രീനിംഗ്, ബയോപ്സി തുടങ്ങിയ പ്രാഥമിക കാൻസർ നിർണ്ണയ സൗകര്യങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | പ്രാരംഭ ഘട്ടത്തിൽ തന്നെ ക്യാൻസർ ബാധ കണ്ടെത്തുന്നതിനും വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുന്നതിനും പ്രാദേശിക തലത്തിൽ എന്തെല്ലാം | (സി) | സംസ്ഥാനത്ത് അർബുദ രോഗം പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തുന്നതിനും ഫലപ്രദമായ തുടർചികിത്സ ഉറപ്പാക്കുന്നതിനുമായി 'കേരള |

| | | | |
|---|---|---|---|
| | സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | | കാൻസർ കൺട്രോൾ സ്ട്രാറ്റജി' എന്ന നയരേഖ പ്രകാരം പ്രാഥമികതലം മുതലുള്ള ആരോഗ്യ കേന്ദ്രങ്ങളെ സർക്കാർ ശാക്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വായ, സ്തനം, ഗർഭാശയ ഗളം എന്നിവയിലെ അർബുദം നേരത്തെ കണ്ടെത്തുന്നതിനായി എം.എൽ.എസ്.പി (MLSP), നഴ്സിംഗ് ഓഫീസർമാർ എന്നിവർക്ക് മലബാർ കാൻസർ സെന്റർ (MCC) വഴി പ്രത്യേക പരിശീലനം നൽകിവരുന്നു. കൂടാതെ, രോഗനിർണയത്തിനാവശ്യമായ എഫ്.എൻ.എ.സി (FNAC), ബയോപ്സി തുടങ്ങിയ പരിശോധനകൾക്കുള്ള സൗകര്യം താലൂക്ക് ആശുപത്രികളിൽ ഒരുക്കുകയും, ഈ പരിശോധനകൾക്കായി സ്പെഷ്യാലിറ്റി ഡോക്ടർമാർക്കും നഴ്സിംഗ് ഓഫീസർമാർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഇത് രോഗം നേരത്തെ കണ്ടെത്തി, സമയബന്ധിതമായ ചികിത്സയിലൂടെ മരണനിരക്ക് കുറയ്ക്കാൻ സഹായിക്കുന്നു.<br><br>ജനങ്ങൾക്ക് അവരുടെ താമസസ്ഥലത്തിന് 50 കിലോമീറ്റർ ചുറ്റളവിൽ മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ "കേരള കാൻസർ കെയർ ഗ്രിഡ്" എന്ന നൂതന ആശയത്തിന് രൂപം നൽകിയിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രികളെ നാല് തലങ്ങളായി തിരിച്ചിരിക്കുന്നു: ആർ.സി.സി, എം.സി.സി, സി.സി.ആർ.സി തുടങ്ങിയ അപെക്സ് സെന്ററുകൾ ഉൾപ്പെടുന്ന ലെവൽ 4, ഓങ്കോളജി വിഭാഗമുള്ള മെഡിക്കൽ കോളേജുകൾ ഉൾപ്പെടുന്ന ലെവൽ 3, ജില്ലാ/താലൂക്ക് ആശുപത്രികൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുന്ന ലെവൽ 2, എഫ്.എച്ച്.സി, പി.എച്ച്.സി, സി.എച്ച്.സി എന്നിവ ഉൾപ്പെടുന്ന ലെവൽ 1 എന്നിങ്ങനെയാണ് ഈ തരംതിരിവ്. രോഗികൾക്ക് അനാവശ്യ യാത്രകൾ ഒഴിവാക്കാനും അതത് തലങ്ങളിൽ ഗുണമേന്മയുള്ള ചികിത്സ ഉറപ്പാക്കാനും ഈ സംവിധാനം സഹായിക്കുന്നു. കൂടാതെ, സർക്കാർ-സ്വകാര്യ മേഖലകളിൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും ചികിത്സാ പ്രോട്ടോകോളുകൾ തയ്യാറാക്കിയിട്ടുണ്ട്.<br><br>സാങ്കേതികവിദ്യയുടെ സഹായത്തോടെ രോഗനിർണ്ണയവും തുടർചികിത്സയും ഏകോപിപ്പിക്കുന്നതിനായി ഈ-ഹെൽത്ത് വഴി "കാൻസർ കെയർ സ്യൂട്ട്" എന്ന പോർട്ടൽ |

| | | | |
|---|---|---|---|
| | | | സജ്ജീകരിച്ചിട്ടുണ്ട്. സാമ്പിളുകൾ ലബോറട്ടറികളിൽ എത്തിക്കുന്നതിനായി ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് "നിർണ്ണയ" എന്ന സാമ്പിൾ ട്രാൻസ്പോർട്ട് സിസ്റ്റം നടപ്പിലാക്കി. ഭയം മൂലം സ്ക്രീനിങ്ങിന് തയ്യാറാകാത്തവരെ ബോധവൽക്കരിക്കുന്നതിനായി 2025 ഫെബ്രുവരി 4 മുതൽ "ആരോഗ്യം ആനന്ദം അകറ്റാം അർബുദം" എന്ന പേരിൽ ബൃഹത്തായ ക്യാമ്പയിൻ ആരംഭിക്കുകയും, ഇതുവരെ 21 ലക്ഷത്തിലധികം പേരെ സ്ക്രീനിങ്ങിന് വിധേയരാക്കി 600-ൽ പരം രോഗികളിൽ രോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പ്രാദേശിക തലത്തിൽ ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ മങ്ങാട്ടുപറമ്പിലെ വുമൺ ആൻഡ് ചൈൽഡ് ആശുപത്രിയിൽ കീമോതെറാപ്പി സൗകര്യം ഒരുക്കുകയും, ഒരു ഡോക്ടർക്കും രണ്ട് നഴ്സുമാർക്കും എം.സി.സിയിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. എടവണ്ണയിലെ സീതി ഹാജി കാൻസർ സെന്റർ, ഒറ്റപ്പാലം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ ലഭ്യമാണ്; ഇവിടുത്തെ ജീവനക്കാർക്ക് എം.സി.സി (പിജി ഐ ഒ എസ് ആർ) ന്റെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. മലയോര മേഖലകളിൽ ടി.എസ്.എസ്.എസ് (TSSS) പോലുള്ള സന്നദ്ധ സംഘടനകളുമായി ചേർന്ന് അസ്സോസിയേറ്റ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ നെല്ലിക്കാം പോയിൽ, കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കൽ എന്നിവിടങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെയും വായ, സ്തനം, ഗർഭാശയ ഗളം എന്നിവ പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടെന്നും ഉറപ്പാക്കിയിട്ടുണ്ട്.<br><br>എറണാകുളം ജില്ലയിൽ 2018 മുതൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ (CCRC) നേതൃത്വത്തിൽ ജില്ലാ കാൻസർ നിയന്ത്രണ പരിപാടി (DCCP) വിജയകരമായി നടപ്പിലാക്കി വരുന്നു. മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷ പ്രകാരം എല്ലാ മാസവും പ്രാഥമിക/സാമൂഹിക/താലൂക്ക് ആശുപത്രികളിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗം പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സിക്കുന്നതിനാണ് ഈ പദ്ധതി മുൻഗണന നൽകുന്നത്. |
| (ഡി) | കഴിഞ്ഞ പത്തുവർഷക്കാലത്തെ ശ്രമങ്ങളുടെ ഫലമായി ജില്ലാ-താലൂക്ക് ആശുപത്രികളിൽ | (ഡി) | വികേന്ദ്രീകൃത ചികിത്സയും അടിസ്ഥാന സൗകര്യങ്ങളും:- കാൻസർ ചികിത്സാ രംഗത്ത് |

| | | |
|---|---|---|
| | ക്യാൻസർ ചികിത്സ നൽകുന്നതിന് എത്രമാത്രം സാധിച്ചിട്ടുണ്ട്; നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സ നൽകി തുടങ്ങിയത്; വിശദമാക്കാമോ; | രോഗികൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ഉയർന്ന ചികിത്സാ ചെലവാണ്. ഇത് ലഘൂകരിക്കുന്നതിനായി ആരോഗ്യവകുപ്പ് വിപുലമായ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള വികേന്ദ്രീകൃത കാൻസർ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നിലവിൽ ജില്ലാ, താലൂക്ക് തലങ്ങളിലുള്ള 28 ആശുപത്രികളിൽ ഈ സംവിധാനം ലഭ്യമാണ്. ഈ ആശുപത്രികളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ കേന്ദ്രങ്ങളിലൂടെ പ്രതിവർഷം ഒന്നരലക്ഷത്തോളം കീമോതെറാപ്പികൾ നടന്നുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു.<br><br>രോഗനിർണ്ണയവും കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജിയും:- രോഗം പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുന്നതിനായി 'കേരള കാൻസർ കൺട്രോൾ സ്ട്രാറ്റജി' എന്ന നയരേഖ പ്രകാരം എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വായ, സ്തനം, ഗർഭാശയ ഗളം എന്നിവയിലെ അർബുദം നേരത്തെ കണ്ടെത്തുന്നതിനായി മിഡ്-ലെവൽ സർവ്വീസ് പ്രൊവൈഡർമാർക്കും (MLSP) നഴ്സിംഗ് ഓഫീസർമാർക്കും മലബാർ കാൻസർ സെന്റർ (MCC) വഴി പരിശീലനം നൽകിയിട്ടുണ്ട്. ഇത് രോഗം നേരത്തെ കണ്ടെത്താനും പൂർണ്ണമായി ഭേദമാക്കാനും സഹായിക്കുന്നു. കൂടാതെ, രോഗനിർണ്ണയത്തിനായുള്ള FNAC, ബയോപ്സി പരിശോധനകൾക്കുള്ള സൗകര്യം താലൂക്ക് ആശുപത്രികളിൽ ഒരുക്കുകയും ഇതിനായി സ്പെഷ്യാലിറ്റി ഡോക്ടർമാർക്കും നഴ്സിംഗ് ഓഫീസർമാർക്കും പരിശീലനം നൽകുകയും ചെയ്തു. സമയബന്ധിതമായ ചികിത്സയിലൂടെ മരണം ഒഴിവാക്കാൻ ഈ ഇടപെടലുകൾ സഹായിക്കുന്നു.<br><br>കേരള കാൻസർ കെയർ ഗ്രിഡ്:- രോഗികൾക്ക് അവരുടെ താമസസ്ഥലത്തിന് 50 കിലോമീറ്റർ ചുറ്റളവിൽ താങ്ങാനാവുന്ന നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നൂതന ആശയമാണ് 'കേരള കാൻസർ കെയർ ഗ്രിഡ്'. ലഭ്യമായ സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചികിത്സാ സംവിധാനങ്ങളെ ഇതിൽ നാല് തലങ്ങളായി തിരിച്ചിരിക്കുന്നു. ലെവൽ 4-ൽ എംസിസി (MCC), സിസിആർസി (CCRC), ആർസിസി (RCC) തുടങ്ങിയ അപ്പെക്സ് സെന്ററുകളും, ലെവൽ 3-ൽ |

| | | | |
|---|---|---|---|
| | | | ഓങ്കോളജി വിഭാഗമുള്ള മെഡിക്കൽ കോളേജുകളും ഉൾപ്പെടുന്നു. ലെവൽ 2-ൽ ജില്ലാ/താലൂക്ക് ആശുപത്രികളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും, ലെവൽ 1-ൽ എഫ്എച്ച്സി, പിഎച്ച്സി, സിഎച്ച്സി എന്നിവയുമാണുള്ളത്. രോഗികൾക്ക് അനാവശ്യ യാത്രകൾ കുറയ്ക്കാനും ഏകീകൃത ചികിത്സാ പ്രോട്ടോകോളുകൾ വഴി ചികിത്സാ ചെലവ് കുറയ്ക്കാനും ഈ ഗ്രിഡ് സംവിധാനം സഹായിക്കുന്നു.<br><br>മാതൃകയാക്കാവുന്ന പ്രവർത്തനങ്ങളും അനുബന്ധ കേന്ദ്രങ്ങളും:- സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഈ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. ഉദാഹരണത്തിന്, കണ്ണൂർ ജില്ലയിലെ മങ്ങാട്ടുപറമ്പ് വുമൺ ആൻഡ് ചൈൽഡ് ആശുപത്രിയിൽ കീമോതെറാപ്പി സൗകര്യം ആരംഭിക്കുകയും ഇതിനായി ഒരു ഡോക്ടർക്കും രണ്ട് നഴ്സുമാർക്കും എംസിസിയിൽ പരിശീലനം നൽകുകയും ചെയ്തു. എടവണ്ണയിലെ സീതി ഹാജി കാൻസർ സെന്റർ, ഒറ്റപ്പാലം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലും രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ എംസിസിയുടെ (PGIOSR) നേതൃത്വത്തിലുള്ള പരിശീലനത്തോടെ ഒരുക്കിയിട്ടുണ്ട്. മലയോര മേഖലകളിലേക്ക് സേവനം എത്തിക്കുന്നതിന്റെ ഭാഗമായി സന്നദ്ധ സംഘടനകളുമായി (TSSS) സഹകരിച്ച് നെല്ലിക്കാംപോയിൽ (കണ്ണൂർ), ചിറ്റാരിക്കൽ (കാസർഗോഡ്) എന്നിവിടങ്ങളിൽ അസ്സോസിയേറ്റ് സെന്ററുകൾ പ്രവർത്തിക്കുന്നു; ഇവിടെയും കാൻസർ സ്ക്രീനിംഗിനുള്ള സംവിധാനങ്ങൾ ലഭ്യമാണ്. |
| (ഇ) | സംസ്ഥാനത്തെ എല്ലാ സർക്കാർ ജില്ലാ-താലൂക്ക് ആശുപത്രികളിലും ക്യാൻസർ നിർണ്ണയവും ചികിത്സയും നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ഓരോ വർഷവും ആരോഗ്യവകുപ്പിന്റെ കാൻസർ കെയർ പ്ലാൻ ഫണ്ടുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയ ആശുപത്രികളിൽ വികേന്ദ്രീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. അടിസ്ഥാന സൗകര്യങ്ങളും പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ ലഭ്യതയും ഉണ്ടാകുന്ന മുറയ്ക്ക് പ്രധാന ആശുപത്രികളിലെല്ലാം തന്നെ കാൻസർ ചികിത്സ നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ തയ്യാറാക്കാൻ ആരോഗ്യവകുപ്പ് ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ